പതിനഞ്ചാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി VI
(വിദ്യാഭ്യാസം)

2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരമുള്ളത്]

2025 സെപ്റ്റംബർ 18ാം തീയതി സമർപ്പിച്ചത്
(Presented on 18th of September 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

സബ്ജക്ട് കമ്മിറ്റി VI
(വിദ്യാഭ്യാസം)

2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരമുള്ളത്]

946/2025.

<u>ഉള്ളടക്കം</u>

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1

സബ്ജക്ട് കമ്മിറ്റി VI
(വിദ്യാഭ്യാസം)
(2023-2026)

ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ഡോ. ആർ. ബിന്ദു,
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,
മൽസ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം.എസ്. അരുൺകുമാർ

ശ്രീ. ടി.വി.ഇബ്രാഹിം

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ.എം.സച്ചിൻ ദേവ്

ശ്രീ. ഷാഫി പറമ്പിൽ (12-6-2024 വരെ)

ശ്രീ.രാഹുൽ മാങ്കൂട്ടത്തിൽ (4-1-2025 മുതൽ)

ശ്രീ.ടി.ഐ. മധുസൂദനൻ

ശ്രീ.എം.വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ.കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ.ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2024-2025 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 ജൂൺ 10-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനകളുടെ (വിദ്യാഭാസം, കായിക വിനോദം, കല, സാംസ്കാരികം) കീഴിൽ വരുന്ന ചെലവിനങ്ങൾ സംബന്ധിച്ച സമിതിയുടെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ ലഭ്യമാക്കിയ നടപടിപത്രികകൾ 3-6-2025, 27-8-2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്ന ഈ റിപ്പോർട്ടിന്റെ അദ്ധ്യായം I-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചുള്ള സമിതിയുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അദ്ധ്യായം II-ൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ, ഇനിയും സർക്കാരിൽ നിന്നും മറുപടി ലഭ്യമാക്കാനുള്ള ശിപാർശകളുടെ വിവരങ്ങൾ വകുപ്പ് തിരിച്ച് ഉൾപ്പെടുത്തിയിരിക്കുന്നു.

2025 സെപ്റ്റംബർ 16-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

വി. ശിവൻകുട്ടി,

ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VI.

തിരുവനന്തപുരം,
2025, സെപ്റ്റംബർ 18.

റിപ്പോർട്ട്

അദ്ധ്യായം I

2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

ശിപാർശ ഖണ്ഡിക 43

2202-03-102-99—കേരള സർവകലാശാല

31—സഹായധനം - ശമ്പളം

ശമ്പളം, പെൻഷൻ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം, ശമ്പളപരിഷ്കരണ കുടിശ്ശിക, യു.ജി.സി. കുടിശ്ശിക, പെൻഷൻകാർക്കുള്ള ക്ഷാമബത്ത കുടിശ്ശിക എന്നിവ നല്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയേതരയിനത്തിൽ 113.58 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാൻറ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവകലാശാലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക സഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

ശിപാർശ ഖണ്ഡിക 44

2202-03-102-98—കോഴിക്കോട് സർവ്വകലാശാല

യു.ജി.സി. ശമ്പളപരിഷ്കരണ പ്രകാരവും സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണ പ്രകാരവുമുള്ള ശമ്പളം, ശമ്പള കുടിശ്ശിക, പെൻഷൻ ആനുകൂല്യങ്ങൾ, ദിവസവേതന/കരാർ ജീവനക്കാരുടെ പരിഷ്കരിച്ച വേതനം എന്നീ ചെലവുകൾക്കായി

ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 72.2580 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാൻറ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവകലാശാലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

<u>ശിപാർശ ഖണ്ഡിക 45</u>

സർവ്വകലാശാല പരീക്ഷാ നടത്തിപ്പുകൾക്കും അക്കാദമിക് പ്രവർത്തനങ്ങൾക്കും മറ്റ് ദൈനംദിന ആവശ്യങ്ങൾക്കുമായി മാറ്റിവച്ച, സർവ്വകലാശാലയുടെ തനത് ഫണ്ടിലെ തുക തിരിച്ചടയ്ക്കുന്നതിനും, നവീകരണ/വികസന/ഭരണ/അക്കാദമിക പ്രവർത്തനങ്ങളിലൂന്നിയുള്ള പദ്ധതികൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 46.6350891 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ

ഗ്രാൻറ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്.

<u>ശിപാർശ ഖണ്ഡിക 46</u>

2202-03-102-97—<u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ശമ്പളപരിഷ്കരണ കുടിശ്ശികയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി പ്രവൃത്തികൾക്കും അധിക തുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 151.1677 കോടി രൂപയും പദ്ധതിയിനത്തിൽ 55.8457 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തികവർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവ്വകലാശാലകൾക്ക് അനുവദിച്ചുനല്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

<u>ശിപാർശ ഖണ്ഡിക 47</u>

2202-03-102-95—<u>ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി</u>

കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നടന്നുകൊണ്ടിരിക്കുന്ന വിദൂര വിദ്യാഭ്യാസത്തിന്റെ നടത്തിപ്പിനും, തുടർന്നുവരുന്ന പ്രോഗ്രാമുകൾക്ക് അനുസൃതമായി ജീവനക്കാരെ നിയമിക്കുന്നതിനും അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കുന്നതിനും സ്വയം പഠന സാമഗ്രികൾ, വിർച്വൽ കൗണ്ടറുകൾ എന്നിവ തയ്യാറാക്കുന്നതിനും മറ്റുമായി അധിക തുക ആവശ്യമായതിനാൽ പദ്ധതിയിനത്തിൽ 14.7755 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 1.5060 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവ്വകലാശാലകൾക്ക് അനുവദിച്ചുനല്കിയിട്ടുണ്ട്.സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

<u>ശിപാർശ ഖണ്ഡിക 48</u>

2202-03-102-93—<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല</u>

ജീവനക്കാരുടെ ശമ്പളവും, വിരമിച്ച ജീവനക്കാരുടെ പെൻഷനാനുകൂല്യങ്ങളും നൽകുന്നതിനും സർവകലാശാലയുടെ നിലവിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം, പഠന വകുപ്പുകൾക്കാവശ്യമായ ഫർണിച്ചറുകൾ, ലൈബ്രറി പുസ്തകങ്ങൾ, ജേണലുകൾ എന്നിവ വാങ്ങുന്നതിനും, ഓഫീസ് ഓട്ടോമേഷൻ പൂർത്തിയാക്കുന്നതിനും, ആർട്സ് വില്ലേജ്, സെന്റർ ഫോർ ഓൺലൈൻ കോഴ്സസ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി അധികതുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയേതരയിനത്തിൽ 98.2849 കോടി രൂപയും, പദ്ധതിയിനത്തിൽ 2.38 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവ്വകലാശാലകൾക്ക് അനുവദിച്ചുനല്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

<u>ശിപാർശ ഖണ്ഡിക 49</u>

2202-03-102-92-കണ്ണൂർ സർവ്വകലാശാല ധനസഹായം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ നടത്തുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. കൂടാതെ വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നടത്തിപ്പിനുമായി പദ്ധതിയിനത്തിൽ അധികതുക ആവശ്യമാണ്. ആയതിനാൽ പദ്ധതിയിനത്തിൽ 8.7750 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 27.9462 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചു വരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ,

സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവ്വകലാശാലകൾക്ക് അനുവദിച്ചുനല്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

ശിപാർശ ഖണ്ഡിക 50

2202-03-102-77—നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ന്യുവാൽസ്)

ന്യുവാൽസിന്റെ ക്യാമ്പസ് വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണത്തിനും MKD സെന്ററിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ 32.95 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

ശിപാർശ ഖണ്ഡിക 51

2202-03-102-72—ഉഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ശമ്പളം, ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക, പെൻഷൻ ഫണ്ട് കുടിശ്ശിക, വാഹനവാടക, ഇന്ധനം എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 11.8616 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവ്വകലാശാലകൾക്ക് അനുവദിച്ചുനല്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

ശിപാർശ ഖണ്ഡിക 52

ക്യാമ്പസ് വികസനം, അക്കാദമിക് ഭരണവിഭാഗ കെട്ടിട നിർമ്മാണം, ലൈബ്രറി വികസനം, ഹോസ്റ്റൽ നിർമ്മാണം, താല്ക്കാലിക ക്ലാസ്സ് മുറികളും ഓഡിറ്റോറിയവും നിർമ്മാണം, ദേശീയ അന്തർദേശീയ സെമിനാറുകൾ, അന്തർ സർവ്വകലാശാല സഹകരണം/ചെയറുകൾ, പ്രോജക്ടുകൾ എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ '35- മൂലധന ആസ്തികളുടെ രൂപീകരണം' എന്ന ഉപശീർഷകത്തിൽ 16.7536 കോടി രൂപയും '36-സഹായധനം ശമ്പളേതരം' എന്ന ഉപശീർഷകത്തിൽ 4.80 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

<u>ശിപാർശ ഖണ്ഡിക 59</u>

2202-03-103-57—<u>രാഷ്ട്രീയ ഉച്ചതാർ ശിക്ഷ അഭിയാൻ (ആർ.യു.എസ്.എ.) (സി.എസ്. എസ്.)</u>

സംസ്ഥാനത്തെ വിവിധ സർക്കാർ എയ്ഡഡ് കോളേജുകൾ, സ്വയംഭരണ കോളേജുകൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിൽ റൂസ Phase-2 പദ്ധതി നടന്നുവരികയാണ്. റൂസ Phase-1, റൂസ Phase-2 പദ്ധതികളിലായി കേന്ദ്രവിഹിതം അനുവദിക്കുന്നപക്ഷം ആനുപാതികമായ 40% സംസ്ഥാന വിഹിതവും ഉൾപ്പെടെ പദ്ധതി പൂർത്തിയാക്കുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 58.99 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ-യ്ക്ക് ലഭ്യമാകുന്ന കേന്ദ്രവിഹിതത്തിന് അനുസരിച്ച് കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും സിംഗിൾ നോഡൽ ഏജൻസി അക്കൗണ്ടിൽ മാറ്റുന്നതിനായി ഉചിതമാർഗ്ഗത്തിലൂടെ അധിക വിഹിതം ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

ശിപാർശ ഖണ്ഡിക 61

2202-03-103-48—കേരളം - എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷനും (KREAP) ഉന്നത വിദ്യാഭ്യാസത്തിലെ മികവുകളുടെ കേന്ദ്രങ്ങളും

കേരളം എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സൊല്യൂഷൻ (കെ-റീപ്പ്) വികസിപ്പിക്കുന്നതിനും, സെന്റേഴ്സ് ഓഫ് എക്സലൻസസ് രൂപീകരിക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 9 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണ ബോർഡിന്റെ ശിപാർശക്കനുസൃതമായിട്ടാണ് ഓരോ പദ്ധതിയ്ക്കും വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതിനിർവ്വഹണ പുരോഗതിയുടെയും ബജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ നിലവിലുള്ള പദ്ധതി ഘടകങ്ങളുടെ നടത്തിപ്പിനായും കടിശ്ശിക തീർപ്പാക്കുന്നതിനുമായി അധിക വിഹിതം ആവശ്യമായി വരുന്നപക്ഷം സംസ്ഥാനത്തിന്റെ വിഭവലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്.

(43 മുതൽ 52 വരെയുള്ള ഖണ്ഡികകളിലെയും 59, 61 എന്നീ ഖണ്ഡികകളിലെയും ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 5-8-2025-ലെ HEDN-B1/112/2025-HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-8-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ ഖണ്ഡിക 64

2202-03-105-97-02—അധികവൈദഗ്ധ്യം ആർജ്ജിക്കുന്നതിനുള്ള പദ്ധതി (എ.എസ്.എ.പി.) (എഫ്.എ.പി.)

അസാപ്പിന്റെ സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനും, പരിപാലനത്തിനും, തൊഴിൽ നൈപുണ്യ പരിശീലനങ്ങൾക്കും, മികവിന്റെ വ്യാവസായിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 47.1 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-25 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതങ്ങളുടെ ക്രമീകരണത്തിന്റെ ഭാഗമായി പദ്ധതികളുടെ അനിവാര്യത കണക്കിലെടുത്ത് ഭരണാനുമതി നൽകിയ തുകയുടെ 50% ആയി നിജപ്പെടുത്തുവാൻ സ.ഉ. (അച്ചടി) നം.76/2024/ധന തീയതി 31-8-2024

പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിലെ പദ്ധതികൾ മുൻഗണനാക്രമത്തിൽ പുനഃക്രമീകരിച്ചപ്പോൾ അസാപ്പിന്റെ ബജറ്റ് വിഹിതം 35.10 കോടി രൂപയിൽ നിന്നും 22.55 കോടി രൂപയായി നിജപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തികവർഷം അസാപ്പിന് 17.55 കോടി രൂപ മാത്രമേ അനുവദിച്ച് നൽകിയിട്ടുള്ളൂ. ആയതിനാൽ സമിതി ശിപാർശ ചെയ്തത് പ്രകാരമുള്ള അധിക തുക അനുവദിക്കുവാൻ സാധിച്ചില്ല.

(ഖണ്ഡിക നം. 64-ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 21-5-2025-ലെ സി4/52/2025/ഉ.വി.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-8-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 69</u>

2203-00-102-99—<u>കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാല (കുസാറ്റ്)</u>

പ്രവേശന പരീക്ഷാനടത്തിപ്പ് ചെലവുകൾ, വൈദ്യുതി ചാർജ്, വെള്ളക്കരം, അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ, വാർഷിക ഇൻക്രിമെന്റ്, പെൻഷൻ, ഡി.എ. അരിയർ എന്നീ ഇനങ്ങളിലെ ചെലവുകൾക്കായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 82.4352 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ മുഴുവൻ തുകയും സർവ്വകലാശാലകൾക്ക് അനുവദിച്ചുനല്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

ശിപാർശ ഖണ്ഡിക 70

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും, പശ്ചാത്തല അടിസ്ഥാന സൗകര്യ വികസനവും അവ സമയബന്ധിതമായി നടത്തുന്നതിനും, വിവിധ വകുപ്പുകളിലെ പഠന ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളും കംപ്യൂട്ടറുകളും വാങ്ങുന്നതിനും, പരിസ്ഥിതി സൗഹൃദവും സുരക്ഷാ നടപടികളും സർവ്വകലാശാലയിൽ നടപ്പാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 9.2 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് സ്വന്തം വരുമാനത്തിൽ നിന്ന് പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഒരു അധിക സഹായം എന്ന നിലയ്ക്കാണ് സർക്കാർ ശമ്പള ശമ്പളേതര ഇനങ്ങളിൽ വിഹിതം അനുവദിക്കുന്നത്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം യൂണിവേഴ്സിറ്റികൾ സാംസ്കാരികസ്ഥാപനങ്ങൾ തുടങ്ങി വിവിധ മേഖലകളിലെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങൾ ചെലവുകൾ ബജറ്റ് വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തുകയോ തനത് വിഭവസമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യേണ്ടതാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും വിഭവലഭ്യതയുടെ കുറവ് മൂലവും അധിക ധനസഹായം നൽകുന്ന കാര്യം ഇപ്പോൾ പരിഗണിക്കാനാകില്ല.

(69, 70 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 5-8-2025-ലെ HEDN-B1/112/2025-HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-8-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ ഖണ്ഡിക 84

2203-00-112-41—എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം

എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനും എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും ബജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 12 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2024-25 സാമ്പത്തികവർഷത്തിൽ രേഖപ്പെടുത്തിയ ചെലവ് 89,404,281 രൂപ. അധിക അധികാരപ്പെടുത്തൽ മുഖേന തുക അനുവദിച്ചിട്ടില്ല.

(ഖണ്ഡിക നം. 84-ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 9-6-2025-ലെ HEDN-G2/158/2025-HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-8-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 90</u>

4202-01-203-70—<u>പബ്ലിക് യൂണിവേഴ്സിറ്റി ക്യാമ്പസ് നിർമ്മാണവും വികസനവും (മലയാളം സർവകലാശാലയുടെ പുതിയ ക്യാമ്പസും ഇൻഫ്രാസ്ട്രക്ച്ചറൽ ഫെസിലിറ്റികളും)</u>

താല്ക്കാലിക കെട്ടിടങ്ങളിലാണ് നിലവിൽ മലയാളം സർവ്വകലാശാല പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. സർക്കാർ ഏറ്റെടുത്തു നല്കിയ 10 ഏക്കർ ഭൂമിയിൽ സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പദ്ധതിയിനത്തിൽ 30 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ വിഭവ ലഭ്യതക്കുള്ളിൽ നിന്നുമാണ് ഇത്തരം സഹായങ്ങൾ അനുവദിച്ചുവരുന്നത്. 2024-25 സാമ്പത്തിക വർഷവും നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ ലഭ്യതക്കുള്ളിൽ നിന്നും നൽകാവുന്ന പരമാവധി സഹായം വകയിരുത്തിയിട്ടുണ്ട്.

(ഖണ്ഡിക 90-ലെ ശിപാർശയിന്മേൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് 5-8-2025-ലെ HEDN-B1/112/2025-HEDN നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-8-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 92</u>

2202-03-112-95—<u>സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്</u>

31—<u>സഹായധനം- ശമ്പളം</u>

സി.ഡി.എസ്സ്.-ലെ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയേതരയിനത്തിൽ 2.1753 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശ പ്രകാരം അധികതുക അനുവദിക്കുന്നതിനായുള്ള ശിപാർശ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ നടപ്പു സാമ്പത്തികവർഷം വകയിരുത്തിയ തുക പൂർണമായും വിനിയോഗിച്ചശേഷം അധികതുക ആവശ്യമുള്ള പക്ഷം പ്രൊപ്പോസൽ ലഭ്യമാക്കാനാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടത്.

2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ (നോൺ-പ്ലാൻ) സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന് അനുവദിച്ചിരുന്ന 335.09 ലക്ഷം രൂപയും പ്രസ്തുത സ്ഥാപനത്തിന് അനുവദിച്ചു നൽകിയിരുന്നു. (അവസാനഗഡു അനുവദിച്ചത് 19-3-2025-ലാണ്). ബഡ്ജറ്റ് വിഹിതത്തിന് പുറമെ സമിതി ശിപാർശ ചെയ്ത 2.1753 കോടി രൂപ അധികമായി അനുവദിച്ചിട്ടില്ല.

(ഖണ്ഡിക നം. 92-ലെ ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് 8-7-2025-ലെ P-RO/16/2024-PLGEA നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 27-8-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ ഖണ്ഡിക 145</u>

2204-00-104-97—<u>കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള ധനസഹായം</u>

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുള്ള പദ്ധതി/പദ്ധതിയേതരയിനങ്ങളിൽ ധനസഹായമായി വിവിധ ശീർഷകങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ 31-സഹായധനം-ശമ്പളം എന്ന ശീർഷകത്തിൽ 7 കോടി രൂപയും 36 - സഹായധനം - ശമ്പളേതരം എന്ന കണക്കിനത്തിൽ 20.73 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 12.50 കോടി രൂപയും ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അധിക ഗ്രാന്റിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ധനപരിമിതി കാരണം ആയത് അനുവദിച്ചു നൽകിയിട്ടില്ല.

(ഖണ്ഡിക നം.145-ലെ ശിപാർശയിന്മേൽ കായിക യുവജനകാര്യ വകുപ്പ് 19-5-2025-ലെ എ 2/186/2024-കാ.യു.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് 3-6-2025-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

അദ്ധ്യായം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് (2024-25) റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭിക്കാനുള്ള ഖണ്ഡികകൾ.

വകുപ്പ്	ഖണ്ഡിക നമ്പർ
പൊതുവിദ്യാഭ്യാസം	1 - 42, 149
ഉന്നത വിദ്യാഭ്യാസം	53 - 58, 60, 62, 63, 65, 66, 67, 68,71, 83, 85 - 89, 91
സാംസ്കാരികകാര്യവകുപ്പ്	93 - 140
കായികയുവജനകാര്യം	141, 142, 143, 144, 146 - 148

വി. ശിവൻകുട്ടി,

തിരുവനന്തപുരം,
2025,സെപ്റ്റംബർ 16.

ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VI.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.